"ഭരണ ഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ : ബി ജസ്റ്റിൻ രാജ് )**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിലെ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ പുനഃക്രമീകരണം - സംബന്ധിച്ച്

*പരാമർശം:* 15/03/2019-ലെ ഡിടി/1709/2019-സി1 നമ്പരയായ അഡിഷണൽ ഡയറക്ടറുടെ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ് നമ്പർ: DT/1875/2019-A2: തീയതി, 22/08/2019**

2019 സെഷൻ മുതൽ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ അഡ്മിഷൻ നേടുന്ന ട്രെയിനികൾക്ക് പരിശീലന കാലയളവ് രണ്ട് വർഷമാണ് എന്നും ആയതിനാൽ നിലവിൽ സംസ്ഥാനത്തെ 12 ഐടിഐ കളിൽ അനുവദിച്ചിട്ടുള്ള ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിന്റെ രണ്ട് വീതം യൂണിറ്റുകളിൽ ഒന്ന് വീതം യൂണിറ്റുകളിൽ 2019 അധ്യയന വർഷവും ശേഷിക്കുന്ന യൂണിറ്റുകളിൽ അടുത്തവർഷവും അഡ്മിഷൻ നടത്തുന്ന രീതിയിൽ പ്രവേശനക്രമം പുനഃക്രമീകരിച്ചിട്ടുണ്ട് എന്നും ആയതിനാൽ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിലെ രണ്ട് യൂണിറ്റുകളിലും ഇൻസ്ട്രക്ടർമാർ നിലവിലുള്ള സ്ഥാപനങ്ങളിൽ ആവശ്യമായ ക്രമീകരണം നടത്തണമെന്ന് പരാമർശ പ്രകാരം നിർദേശം ലഭിച്ചിട്ടുണ്ട്.

ടി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ വിശദമായ പരിശോധനയിൽ സംസ്ഥാനത്തെ അഞ്ച് ഐടിഐ കളിൽ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ രണ്ട് യൂണിറ്റുകളിലും ജീവനക്കാർ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഐടിഐ വനിതാ കഴക്കൂട്ടം , ഐടിഐ ചെന്നീർക്കര, ഐടിഐ വനിതാ കളമശ്ശേരി, ഐടിഐ മാള, ഐടിഐ കാസറഗോഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിലെ ഓരോ ഇൻസ്ട്രക്ടർമാരെ വീതം മാറ്റി നിയമിക്കേണ്ട നിർബന്ധിത സാഹചര്യം ഉണ്ടായിരിക്കുന്നു . ഇത്തരം സാഹചര്യങ്ങളിൽ നിലവിലുള്ളവരിൽ ഏറ്റവും ജൂനിയർ ആയ ഉദ്യോഗസ്ഥനെ ആണ് സ്ഥലം മാറ്റം ചെയ്യപ്പെടേണ്ടത് എന്ന് 25.02.2017 ലെ സ.ഉ.(അച്ചടി) നം.3/2017/പൊ.ഭ.വ.ലെ സർക്കാർ ഉത്തരവിലെ ആറാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ വിശദമായ പരിശോധനകളുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിലവിലുള്ള ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത കൂടി പരിഗണിച്ച് താഴെപ്പറയുന്ന പ്രകാരം മേൽ പറഞ്ഞ ഐടിഐ കളിലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിലെ ജീവനക്കാരെ പുനഃക്രമീകരിച്ച് ഉത്തരവാകുന്നു .

**1. ഐടിഐ വനിതാ കഴക്കൂട്ടം**

ടി സ്ഥാപനത്തിലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലുള്ള ശ്രീമതി ആഷ്‌ലി ജോണിനെ താത്കാലികമായി ചാക്ക ഐടിഐ -ലെ ഡി/സിവിൽ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു. കഴക്കൂട്ടം വനിതാ ഐടിഐ ൽ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ രണ്ടാമത്തെ യൂണിറ്റ് തുടങ്ങുന്ന മുറക്ക് ശ്രീമതി ആഷ്‌ലി ജോണിനെ കഴക്കൂട്ടം വനിതാ ഐടിഐ ൽ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിലെ ഒഴിവിൽ മാറ്റി നിയമിക്കുന്നതാണ്.

**2.ഐടിഐ ചെന്നീർക്കര** .

ടി സ്ഥാപനത്തിലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലുള്ള ശ്രീമതി ആശാദേവി ജിക്ക് താത്കാലികമായി

ചെന്നീർക്കര ഐടിഐ-ലെ ഡി /സിവിൽ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു. ചെന്നീർക്കര ഐടിഐ-ൽ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ രണ്ടാമത്തെ യൂണിറ്റ് തുടങ്ങുന്ന മുറക്ക് ശ്രീമതി ആശാദേവി ജി -യെ ചെന്നീർക്കര ഐടിഐ-ലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിലെ ഒഴിവിൽ മാറ്റി നിയമിക്കുന്നതാണ് .

**3.ഐടിഐ വനിതാ കളമശ്ശേരി**

ടി സ്ഥാപനത്തിലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലുള്ള ശ്രീമതി നെസ്മിൻ എ എ-യെ താത്കാലികമായി മാള ഐടിഐ-ലെ ഇന്റീരിയർ ഡിസൈൻ & ഡെക്കറേഷൻ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു. കളമശ്ശേരി വനിതാ ഐടിഐ-ൽ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ രണ്ടാമത്തെ യൂണിറ്റ് തുടങ്ങുന്ന മുറക്ക് ശ്രീമതി നെസ്മിൻ എ എ-യെ-യെ കളമശ്ശേരി വനിതാ ഐടിഐ-ലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിലെ ഒഴിവിൽ മാറ്റി നിയമിക്കുന്നതാണ്.

**4 ഐടിഐ മാള**

ടി സ്ഥാപനത്തിലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലുള്ള ശ്രീമതി സിമി എൻ മീരാൻ -എന്നയാളെ താത്കാലികമായി മാള ഐടിഐ-ലെ ഇന്റീരിയർ ഡിസൈൻ & ഡെക്കറേഷൻ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു. മാള ഐടിഐ-ൽ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ രണ്ടാമത്തെ യൂണിറ്റ് തുടങ്ങുന്ന മുറക്ക് ശ്രീമതി സിമി എൻ മീരാൻ -എന്നയാളെ മാള ഐടിഐ-ലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിലെ ഒഴിവിൽ മാറ്റി നിയമിക്കുന്നതാണ്.

**5. ഐടിഐ കാസറഗോഡ്**

ടി സ്ഥാപനത്തിലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലുള്ള ശ്രീ അരുൺരാജ് കെ -എന്നയാളെ താത്കാലികമായി കാസറഗോഡ് ഐടിഐ-ലെ ഡി/സിവിൽ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു. കാസറഗോഡ് ഐടിഐ-ൽ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിൽ രണ്ടാമത്തെ യൂണിറ്റ് തുടങ്ങുന്ന മുറക്ക് ശ്രീ അരുൺരാജ് കെ -എന്നയാളെ കാസറഗോഡ് ഐടിഐ-ലെ ആർക്കിടെക്ച്ചറൽ അസ്സിസ്റ്റന്റ് ട്രേഡിലെ ഒഴിവിൽ മാറ്റി നിയമിക്കുന്നതാണ് .

ടി ക്രമീകരണങ്ങൾ ഉത്തരവ് തീയതി പ്രാബല്യത്തിൽ നടപ്പ് വരുത്തുന്നതിന് മേൽ ഉത്തരവ് ബാധകമാകുന്ന എല്ലാ സ്ഥാപന മേധാവികൾക്കും നിർദേശം നൽകി ഉത്തരവാകുന്നു.സ്ഥലമാറ്റം നൽകപ്പെട്ട ജീവനക്കാർക്ക് ചട്ടങ്ങൾ പ്രകാരമുള്ള ജോയിനിംഗ് ടൈം , യാത്രാസമയം,യാത്രാപ്പടി എന്നിവക്ക് അർഹതയുണ്ടായിരിക്കുന്നതാണ്

ഒപ്പ് /-

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ് സ്ഥലമാറ്റം നൽകപ്പെട്ട ജീവനക്കാർ

പകർപ്പ് 1 . പ്രിൻസിപ്പാൾ
ഐടിഐ വനിതാ കഴക്കൂട്ടം ,ചെന്നീർക്കര,ചാക്ക , വനിതാ കളമശ്ശേരി , മാള ,കാസറഗോഡ്

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്